തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ

118(1021) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പാടിയോടുചാലിലും ഭീമനടിയിലും വാടകകെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന കെ.എസ്.ഇ.ബി സെക്ഷൻ ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സ്ഥലം ഉപയോഗപ്പെടുത്തി പ്രസ്തുത കേന്ദ്രങ്ങളിൽ സെക്ഷൻ ആഫീസുകൾക്ക് കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാടിയോടുചാലിൽ പത്ത് സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്നാണ് പാടിയോടുചാൽ ഗ്രാമവികസനസമിതി സമ്മതിച്ചിരുന്നത്. കെട്ടിടം നിർമ്മിക്കുന്നതിന് അഞ്ച് സെന്റ് സ്ഥലം കൂടി ആവശ്യമുണ്ട്. കെ.എസ്.ഇ.ബി നിശ്ചയിക്കുന്ന വിലയ്ക്ക് അത് നൽകാൻ പാടിയോടുചാൽ ഗ്രാമവികസന സമിതി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായാൽ ഹഡ്കോ സ്കീമിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ഭീമനടിയിൽ സൗജന്യമായി പത്ത് സെന്റ് സ്ഥലം നൽകാമെന്ന് 15-2-2000-ൽ ലഭിച്ച വാഗ്ദാനം പരിഗണിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ഇ.ബി. വകുപ്പുമന്ത്രിയുടെയും ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥരുടേയും വിദേശ യാത്ര

119(1022) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുമന്ത്രിയും ഇലക്ട്രിസിറ്റിബോർഡ് മേധാവികളും ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥരും ഏതൊക്കെ വിദേശയാത്ര നടത്തി ;

(ബി) എന്തൊക്കെ ഉദ്ദേശലക്ഷ്യങ്ങളുമായാണ് യാത്ര നടത്തിയത് ;

(സി) ഇതിൽ ഏതൊക്കെ കാര്യങ്ങൾ നടപ്പിൽ വരുത്തി ;

(ഡി) വിദേശയാത്രകൾക്ക് ബോർഡിന് എന്ത് തുക ചെലവായി എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മറ്റ് ഏജൻസികളോ വ്യക്തികളോ ഏതൊക്കെ യാത്രകളുടെ ചെലവ് വഹിച്ചു എന്ന് വിശദമാക്കാമോ ;

(എഫ്) ചെലവ് ചുരുക്കുന്നതിനായി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ വിദേശയാത്ര നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മുൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി ശ്രീ.പിണറായി വിജയൻ 1996 ഒക്ടോബറിൽ കാനഡ, അമേരിക്ക എന്നിവിടങ്ങളിലും 1997 ജൂണിൽ കാനഡയിലും സന്ദർശനം നടത്തി. ഈ സന്ദർശനങ്ങൾ പളളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ നവീകരണത്തിനുവേണ്ടിയുളള കനേഡിയൻ ഗവൺമെന്റ് സഹായത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും കേരളത്തിന്റെ വിവിധ വൈദ്യുത പദ്ധതികൾക്കുവേണ്ടിയുളള ധനസഹായലഭ്യതയെപ്പറ്റി ലോകബാങ്ക് ഉദ്യോഗസ്ഥൻമാരും ഇന്റർനാഷണൽ ഫൈനാൻസ് കോർപ്പറേഷൻ ഉദ്യോഗസ്ഥൻമാരുമായും ചർച്ച നടത്തുന്നതിനായിരുന്നു. കൂടാതെ തലശ്ശേരിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു കാൻസർ ആശുപത്രി സ്ഥാപിക്കുന്നതിന് കനേഡിയൻ സാമ്പത്തിക സഹായം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഈ സന്ദർഭത്തിൽ ചർച്ച നടത്തുകയുണ്ടായി. മുൻ വൈദ്യുതിമന്ത്രി 1998 മേയിൽ ചൈനയും സന്ദർശിക്കുകയുണ്ടായി. കേരളത്തിൽ ചൈനയുടെ സാങ്കേതിക, സാമ്പത്തിക സഹായത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് എം.ഒ.ഇ.എസ്., റ്റി.ഇ.എൽ.എം., ഡബ്ല്യൂ .ആർ. ഇൻവെസ്റ്റ്മെന്റ് ഏജൻസീസ്, ഇന്റർനാഷണൽ നെറ്റ് വർക്ക് ഓൺ സ്മാൾ ഹൈഡ്രോ പവർ എന്നീ സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയെന്നതായിരുന്നു ഈ സന്ദർശനത്തിന്റെ ഉദ്ദേശം.

1996-ലെ വിദേശയാത്രയിൽ മുൻ മന്ത്രിയെ അന്നത്തെ പ്രിൻസിപ്പിൽ സെക്രട്ടറി ശ്രീ. കെ. മോഹനചന്ദ്രൻ, കെ.എസ്.ഇ.ബി. ചെയർമാൻ ഡോ. രാജഗോപാലൻ, അക്കൗണ്ട് മെമ്പർ ശ്രീ. കെ. ജി. രാജശേഖരൻ നായർ എന്നിവരും, 1997-ലെ വിദേശയാത്രയിൽ കെ.എസ്.ഇ.ബി. ചെയർമാൻ ഡോ. രാജഗോപാലനും, 1998-ലെ വിദേശയാത്രയിൽ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ. മോഹനചന്ദ്രൻ, കെ.എസ്.ഇ.ബി. ചെയർമാൻ ശ്രീ. പി. എ. സിദ്ധാർത്ഥ മേനോൻ, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ശ്രീ. സി. കെ. ദാമോദരൻ എന്നിവരും അനുഗമിച്ചിരുന്നു. കൂടാതെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ബോർഡ് ഉദ്യോഗസ്ഥന്മാർ വിവിധ രാജ്യങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

	ഉദ്യോഗസ്ഥരുടെ പേരും സന്ദർശന സമയവും	ഉദ്ദേശ ലക്ഷ്യം
	(1)	(2)
1.	ശ്രീ. എസ്. രാമചന്ദ്രൻ കൈമൾ ചീഫ് എഞ്ചിനീയർ (തെർമ്മൽ) 8/98- 2/98 - ഫിൻലാന്റ് 2/99 - ജർമ്മനി	ബ്രഹ്മപുരം ഡീസൽ പ്രോജക്ടിനുവേണ്ടിയുള്ള ഡീസൽ എഞ്ചിന്റെ ടെസ്റ്റിംഗിന് വേണ്ടി കോഴിക്കോട് ഡീസൽ പവർ പ്രോജക്ടിനുവേണ്ടിയുള്ള 16 മെഗാവാട്ട് ആൾട്ടർനേറ്ററിന്റെ ടെസ്റ്റിംഗിന്.
2	ശ്രീ. ബി. ആർ. ശശിധരൻ നായർ അസി: എക്സിക്യൂട്ടീവ് എഞ്ചിനീയർ	ചെറുകിട ജല വൈദ്യുത പദ്ധതികളുടെഎക്യുപ്മെന്റ് സ്പ്ലൈ ചെയ്യുന്നതിനുള്ള ടെൻഡറും ഡിസൈനും ഫൈനലൈസ് ചെയ്യുന്നതിനുവേണ്ടി.
3.	ശ്രീ. ബി. രവീന്ദ്രൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	
4.	ശ്രീ. അരുണഗിരീശ്വര അയ്യർ ഫിനാൻഷ്യൽ അഡ്വൈസർ 2/99- 3/99 - ചൈന	
5.	ശ്രീ. കെ. അശോകൻ, അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എഞ്ചിനീയർ 4/99 - ചൈന	ചെറുകിട ജല വൈദ്യുത പദ്ധതികളുടെ ഉപകരണങ്ങളെ സംബന്ധിച്ചുള്ള പരിശീലനത്തിന്.
6.	ശ്രീ. റ്റി. രവീന്ദ്രൻ , എക്സി: എഞ്ചിനീയർ	കോഴിക്കോട് ഡീഡൽ പവർ പ്രോജക്ടിനു വേണ്ടിയുള്ള ഡീസൽ പ്ലാന്റിന്റെ ഓപ്പറേഷൻ മെയിന്റനൻസ് എന്നിവ സംബന്ധിച്ച ട്രെയിനിംഗിന്.
7.	ശ്രീ. ബിപിൻ ജോസഫ്, എക്സി: എഞ്ചിനീയർ	
8.	ശ്രീ. ബോസ് ജോയ്, അസി: എക്സി: എഞ്ചിനീയർ	
9.	ശ്രീ. പി.കെ. സന്തോഷ് അസി: എഞ്ചിനീയർ	
10.	ശ്രീ. കെ.വി. ശ്രീധരൻ അസി: എഞ്ചിനീയർ 9/99 - ഫിൻലാന്റ്	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
(11) ശ്രീ. എം.എൻ. ഗോപിനാഥൻ നായർ അസി: എക്സി: എഞ്ചിനീയർ (12) ശ്രീ. ബാബുരാജ്, അസി: എക്സി: എഞ്ചിനീയർ 5/97 - കാനഡ	കുറ്റ്യാടിയിൽ നിർമ്മിക്കുന്ന 50 മെഗാവാട്ട് ശേഷിയുള്ള കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടി ജനറേറ്ററിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും രൂപ കല്പന ചെയ്യുന്ന ജോലിയിൽ എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിയെ സഹായിക്കുന്നതിനും നിർമ്മാണപ്രവർത്തനങ്ങളുടെ പരിശീലനം നേടുന്നതിനും വേണ്ടി.
(13) ഡോ. ബി ജയശങ്കർ സീനിയർ അസിസ്റ്റന്റ് (14) ശ്രീ. എം. രവീന്ദ്രൻ നായർ അസി:എക്സി:എഞ്ചിനീയർ 8/99 - കാനഡ	താരിഫ് മോഡൽ ഡെവലപ്പ് ചെയ്യുന്നതിനും അതിനോടനുബന്ധിച്ച് മറ്റ് പ്രവർത്തനങ്ങളും സംബന്ധിച്ച ട്രെയിനിംഗിന്.
(15) ശ്രീ. എം. മോഹനചന്ദ്രൻ ചെയർമാൻ 7/99 - കാനഡ	കാനഡയിലെ ഇലക്ട്രിസിറ്റി റെഗുലേഷനെ പറ്റി പഠിക്കുന്നതിന്.

(സി) പന്നിയാർ, പള്ളിവാസൽ, ചെങ്കുളം എന്നീ പദ്ധതികളുടെ റിനോവേഷൻ ജോലികൾ എസ്. എൻ. സി. യുടെ സഹായത്തോടെ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കോഴിക്കോട്, ബ്രഹ്മപുരം എന്നീ ഡീസൽ പവർ പ്ലാന്റുകൾ കമ്മീഷൻ ചെയ്ത് കഴിഞ്ഞു. ചൈനയുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിരിക്കുന്ന 18 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നാലെണ്ണം പൈലറ്റ് പ്രോജക്ടായി ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. താരിഫ് സംബന്ധമായ പഠനത്തിന് വിദേശയാത്ര നടത്തിയവർ ഇപ്പോൾ താരിഫ് സെല്ലിൽ ജോലി ചെയ്തുവരുന്നു.

(ഡി) മൊത്തം 29,64,960 രൂപയും 6000 യു.എസ്. ഡോളറും ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 10/96-ൽ ചെയർമാൻ, മെമ്പർ (അക്കൗണ്ട്സ്) എന്നിവർ നടത്തിയ കാനഡ സന്ദർശനത്തിന് യാത്രാചെലവും മറ്റു ചെലവുകളും കനേഡിയൻ അതോറിറ്റിയാണ് വഹിച്ചത്. ശ്രീ. ബി. ജയശങ്കർ, ശ്രീ. എം. രവീന്ദ്രൻ നായർ എന്നിവർ 8/99-ൽ കാനഡ സന്ദർശിച്ചതിന്റെ ചെലവുകൾ സിഡാ (CIDA) വഹിച്ചു. 7/99-ൽ ചെയർമാന്റെ കാനഡ സന്ദർശനത്തിന്റെ ചെലവും സിഡാ (CIDA) ആണ് വഹിച്ചത്.

(എഫ്) ബോർഡിന്റെ ഉത്തമ താല്പര്യം കണക്കിലെടുത്ത് അനിവാര്യമായ വിദേശയാത്രകൾ മാത്രമേ നടത്താറുള്ളൂ.

കെ.എസ്.ഇ.ബി.യിലെ ലൈൻമാൻമാരുടെ തസ്തികയിലേക്കുള്ള നിയമനം

120(1023) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. യിൽ ആകെ എത്ര തസ്തികകളുണ്ടെന്നും അതിൽ എത്ര എണ്ണം ഒഴിഞ്ഞുകിടപ്പുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യത്തിന് ലൈൻമാൻമാരില്ലാത്തതിനാൽ റിപ്പയർ ജോലി ചെയ്യാൻ കാലതാമസമെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ആകെ തസ്തികകൾ - 31527

ഒഴിവുള്ള തസ്തികകൾ - 4478

(ബി) നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യേണ്ടവ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും, പ്രൈമോഷൻ വഴി നികത്തേണ്ടവ അങ്ങനെ ചെയ്യുന്നതിനും ഉള്ള നടപടികൾ തുടർന്ന് വരുന്നു.

(സി) ഉണ്ട്.

സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതി

121(1024) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly